പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 358 — 2/12/2014-ൽ മറുപടിക്ക്

# ശബരിമല വൈദ്യുത ലൈൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. രാജു എബ്രഹാം | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ശബരിമല സന്നിധാനത്തിലേക്ക് പമ്പയിൽ നിന്നും ഇപ്പോൾ എത്ര വൈദ്യുത ലൈനുകൾ ഉണ്ട് ; നിലവിലുള്ള വൈദ്യുത ലൈനിന് തകരാർ സംഭവിച്ചാൽ എന്തൊക്കെ നടപടികളാണ് ഇപ്പോൾ സ്വീകരിച്ച് വരുന്നത് ; | (എ) പമ്പയിൽ നിന്നും ശബരിമല സന്നിധാനത്തേയ്ക്ക് ഇപ്പോൾ ഒരു 11 കെ.വി. ലൈൻ ഉണ്ട്. വൈദ്യുതി തടസ്സം അടിയന്തിരമായി പരിഹരിക്കുന്നതിനായി കൂടുതൽ ജീവനക്കാരെ ഉൾപ്പെടുത്തി പ്രത്യേക സ്ക്വാഡിന് രൂപം നൽകിയിട്ടുണ്ട്. |
| (ബി) പമ്പയിൽ നിന്നും ശബരിമലയിലേക്ക് നിലവിലുള്ള വൈദ്യുത ലൈനിന് സമാന്തരമായി വൈദ്യുത ലൈൻ സ്ഥാപിയ്ക്കാൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പദ്ധതിക്കായി ആകെ വേണ്ടിവരുന്ന തുക എത്രയെന്ന് വിശദമാക്കുമോ; സമാന്തര ലൈൻ സ്ഥാപിക്കുവാനുദ്ദേശിക്കുന്നത് ഏതുവഴിയാണെന്ന് വിശദമാക്കുമോ; പ്രസ്തുതപദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | (ബി) ഉണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി 1.6 കോടി രൂപയുടെ എസ്റ്റിമേറ്റിന് വിതരണ വിഭാഗം ദക്ഷിണ മേഖലാ ചീഫ് എഞ്ചിനീയർ 2/09/2014-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഡെപ്പോസിറ്റ് വർക്കിൽ ഉൾപ്പെടുത്തി കേബിൾ സ്ഥാപിക്കുവാൻ തയ്യാറാക്കിയിട്ടുള്ള ടി പദ്ധതിയുടെ എസ്റ്റിമേറ്റ് തുക ഒടുക്കുന്നതിനായി ദേവസ്വം ബോർഡിനെ 5/09/2014-ൽ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ത്രിവേണി പമ്പ സബ്സ്റ്റേഷനിൽ നിന്നും നീലിമല, അപ്പാച്ചിമേട് വഴിയുള്ള പരമ്പരാഗത പാതയിലൂടെ സന്നിധാനത്തിലേക്ക് 7 കിലോമീറ്റർ 11 കെ.വി. ഏരിയൽ ബഞ്ച്ഡ് കേബിൾ വലിച്ച് ചരൽ മേട്ടിൽ 100 കെ.വി.എ ട്രാൻസ്ഫോർമർ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതി പ്രവൃത്തികൾ ദേവസ്വം ബോർഡ് തുക ഒടുക്കുന്ന പക്ഷം സീസൺ കഴിഞ്ഞ് മൂന്ന് മാസങ്ങൾക്കകം പൂർത്തീകരിക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ